ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഈ സാമൂഹ്യപ്രവർത്തകരെ പിരിച്ചുവിട്ടിട്ടില്ലെന്നു മന്ത്രി പറയുകയുണ്ടായി. അവർക്ക് ഇന്നുകൊടുത്തുവരുന്ന വേതനം മദ്രാസിൽ കൊടുക്കുന്നതിനേക്കാൾ വളരെ കുറവായതുകൊണ്ട് അതൊന്ന് കൂട്ടി കൊടുക്കുന്നതിനു വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ലെന്നു മാത്രമല്ല കാളിഫിക്കേഷനുള്ള ആളുകളെ റഗുലർ സപ്ലൈസിലെടുക്കാനും, സെലക്ഷൻ നടത്തി പ്രത്യേകം ടെയിനിംഗ് കൊടുക്കാനും ഗവണ്മെൻറ് ഉദ്ദേശിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : ഇതുപോലുള്ള പ്രചരണത്തിനുവേണ്ടി ആളുകളെ എടുക്കുമ്പോഴും എം. എൽ. എ. മാരെ എടുക്കാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എം. എൽ. എ. മാർക്ക് അങ്ങനെ അയോഗ്യത കല്പിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : ഫാമിലി പ്ലാനിംഗ് പ്രോപ്പഗണ്ടയ്ക്കുവേണ്ടി കുറേ ആളുകളെ നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഈ ഫാമിലി പ്ലാനിംഗ് അനുസരിച്ചു അവരുടെ സ്വന്തം പ്രവൃത്തി ചെയ്യുന്നുണ്ടോ ?

മി. സ്പീക്കർ : അതിനു ഉത്തരം പറയേണ്ട.

ഊളമ്പാറ മെൻറൽ ആശുപത്രി

* 647. [12] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം ഊളമ്പാറ മെൻറൽ ആശുപത്രിയിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളാണുള്ളതു് ;

(ബി) ഇപ്പോൾ അവിടെ എത്ര രോഗികളുണ്ട് ;

(സി) രോഗികളുടെ സംഖ്യയുടെ കൂടുതൽ അനുസരിച്ചു് അവിടെ വേണ്ടതായ അറൻറർമാർ, പുരുഷ നഴ്സുമാർ തുടങ്ങിയ താണതരം ജോലിക്കാരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) അവിടെയുള്ള പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനും ആവശ്യമായ മെയിൻറനൻസ് നടത്തുന്നതിനും മറ്റും എർപ്പാടുകൾ ചെയ്യുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 141 പുരുഷന്മാരും 60 സ്ത്രീകളും ഉൾപ്പെടെ 201 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമാണുള്ളതു്.

(ബി) 979.

(സി) 14 വാർഡറന്മാരേയും 6 ക്ലീനറന്മാരേയും ടെമ്പററി അടിസ്ഥാനത്തിൽ കൂടുതലായി നിയമിച്ചിട്ടുണ്ട്.

(ഡി) പഴയകെട്ടിടം പുതുക്കിപ്പണിയുന്ന പ്രശ്നം തൽക്കാലമില്ല. ഒരു പേ വാർഡ് പുതുതായി പണിതുകൊണ്ടിരിക്കുന്നു. മെയിൻറനൻസ് യഥാവിധി നടത്താറുണ്ട്.

ശ്രീ. എം. എം. മത്തായി : മുൻപു് രോഗികളെ ഊളമ്പാറ ചികിത്സയ്ക്കു കൊണ്ടുപോകുന്നതു് സുഖക്കേടു ഭേദമായി തിരിച്ചു വീട്ടിൽ വരുമെന്നുള്ള പ്രതീക്ഷയോടുകൂടിയല്ല. എന്നാൽ ഇന്നവിടെപ്പോയി ചികിത്സിച്ചാൽ തിരിച്ചു വീട്ടിൽ പോകാമെന്നുള്ള ഒരു സ്ഥിതിയുണ്ടായിട്ടുണ്ട്. പക്ഷേ അവിടെ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനു് കെട്ടിടസൗകര്യമൊന്നുമില്ല. അതുകൊണ്ട് അവിടെ ആവശ്യമായ കെട്ടിടങ്ങൾ പണിയുന്നതിനും ബഹുമാനപ്പെട്ട മന്ത്രിതന്നെ ആശുപത്രിയിൽപ്പോയി നേരിട്ട് അവിടത്തെ അസൗകര്യങ്ങൾ ഒന്നു കണ്ടറിയുന്നതിനും ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാൻ രണ്ടു മൂന്നു പ്രാവശ്യം അവിടെ പോയി കണ്ടിട്ടുണ്ട്, പരിശോധിച്ചിട്ടുള്ളതുമാണു്. കുറേ അസൗകര്യങ്ങളുണ്ടെന്നുള്ളതു ശരിയാണു്. അടുത്ത വഷ്ത്തിൽ കുറെയൊക്കെ പരിഹരിക്കുവാൻ സാധിക്കുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : 200-ൽ ചിലപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സ്ഥലത്തു് ഇന്നു 900-ത്തിലധികം രോഗികളെ കിടത്തി ചികിത്സിക്കുകയാണെന്നു മന്ത്രി ഇവിടെ പറയുകയുണ്ടായി. കൂടുതൽ കെട്ടിടം പണിയുവാൻ തീരുമാനമില്ലെന്നാണു് പറഞ്ഞതു്. പിന്നെ എങ്ങനെയാണു് അടുത്ത കൊല്ലം സ്ഥലമുണ്ടാകുന്നതു്? പേ വാർഡു് പണിയുന്നതിൽ സൗകര്യമുണ്ടാക്കാനാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അടുത്തകൊല്ലം കുറേ സൗകര്യം കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്നാണു് പറഞ്ഞതു്. രോഗികളും ഉള്ള സ്ഥലത്തു് ഇന്നു ജീവിക്കുകയാണു്.

നേന്ത്രവാഴകൃഷിയും കയറ്റുമതിയും.

* 648. [14] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേന്ത്രവാഴപ്പഴം കയറ്റുമതി കോർപ്പറേഷൻ എന്ന പേരിൽ ഒരു വ്യാപാരസ്ഥാപനം തുടങ്ങുന്നതിൽ കേരള ഗവണ്മെൻറു് ഷെയറെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗവണ്മെൻറു് ഉടമസ്ഥതയിൽ നേന്ത്രവാഴ കൃഷി തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നിബന്ധനകളിൽ ; എവിടെയെല്ലാം ;

(ഡി) ഇതിലേക്കു് കേന്ദ്ര ഗവണ്മെൻറിൻറേയോ മറേറതെങ്കിലും ഗവണ്മെൻറുകളുടേയോ സഹായങ്ങൾ കിട്ടുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസ്ഥകളിന്മേൽ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ദി സൗത്തു് ഇൻഡ്യാ ബനാനാ ആൻറു് ഫ്രൂട്ടു് ഡവലപ്പുമെൻറു കമ്പനിയിൽ ഷെയറെടുക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നു.

(ബി) അങ്ങനെ ഒരു പദ്ധതി ഉദ്ദേശിക്കുന്നുണ്ടു്. അവസാന തീരുമാനമായിട്ടില്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ഗവണ്മെൻറു് വാഴ കൃഷിത്തോട്ടമുണ്ടാക്കാൻവേണ്ടി ആലോചന നടത്തുന്നുണ്ടെന്നു പറഞ്ഞു. ഈ കയറ്റുമതിയെ സംബന്ധിച്ചുള്ളതു മാത്രമാണോ, അതോ സംസ്ഥാനത്തെ വാഴ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി റിസർച്ചു് കം പ്രൊഡക്ഷൻ ഫാം നടത്തുന്നതിനുവേണ്ടിയുള്ള ആലോചനയോ മറേറാ ആണോ ?

ശ്രീ. ഈ. പി. പൗലോസു് : റിസർച്ചു് സ്റ്റേഷനു് ഒരു പരിപാടി വേറെയുണ്ടു്. വാഴയ്ക്കു് വരുന്ന സുഖക്കേടിനു് മരുന്നു വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വേറെയുണ്ടു്. അതുകൂടാതെ ആയിരം ഏക്കർ സ്ഥലത്തു് വാഴ കൃഷി നടത്തുന്നതിനുള്ള പദ്ധതി വേറെയുമുണ്ടു്. ആയിരം ഏക്കറിൽ വാഴ കൃഷി നടത്തുന്നതിനുള്ള പദ്ധതിക്കു് അവസാന രൂപമായിട്ടില്ല. അതിനുള്ള സ്ഥലം നോക്കിവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly